# സംസ്ഥാന ജൈവവൈവിധ്യ പുരസ്ക്കാരം – മാർഗരേഖ

കേരള ഗവൺമെന്റിന്റെ പരിസ്ഥിതി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി സംരക്ഷണരംഗത്തും ജൈവവൈവിധ്യ സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവക്കുന്ന വ്യക്തികളെയും സംഘടനകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തി യിട്ടുള്ള പുരസ്ക്കാരമാണ് സംസ്ഥാന ജൈവവൈവിധ്യ പുരസ്ക്കാരം. ഈ പുരസ്ക്കാരം മലയാള ത്തിൽ "സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം" എന്നും ഇംഗ്ലീഷിൽ "Kerala Biodiversity Conservation Award" എന്നും അറിയപ്പെടും.

ഓരോ വർഷവും വിവിധ വിഭാഗങ്ങളിലായി 14 അവാർഡുകളാണ് നൽകുക. ഇതിൽ 10 എണ്ണം വ്യക്തിഗത അവാർഡുകളും 4 എണ്ണം സംഘടനകൾ / വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ യ്ക്കുള്ളതുമാണ്. ഈ വിഭാഗങ്ങളിൽ കാലാകാലങ്ങളിൽ മാറ്റം വരുത്താനുള്ള അധികാരം ബോർഡിനുണ്ടായിരിക്കും.

| | വിഭാഗം | തുക (രൂപ) |
|---|---|---|
| 1. | മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി. എം.സി) | ഒരു ലക്ഷം |
| **വ്യക്തിഗത പുരസ്ക്കാരങ്ങൾ** | | |
| 2. | പരിസ്ഥിതി സംരക്ഷകൻ | അൻപതിനായിരം |
| 3. | നാടൻ വിളയിനങ്ങളുടെ സംരക്ഷകൻ | അൻപതിനായിരം |
| 4. | **നാടൻ കന്നുകാലിയിനങ്ങളുടെയും പക്ഷികളുടെയും സംരക്ഷകൻ** | അൻപതിനായിരം |
| 5. | ജൈവ കർഷകൻ | അൻപതിനായിരം |
| 6. | നാട്ടറിവുകളുടെ സംരക്ഷകൻ | അൻപതിനായിരം |
| 7. | പത്രപ്രവർത്തകൻ (ഇംഗ്ലീഷ്) | അൻപതിനായിരം |
| 8. | പത്രപ്രവർത്തകൻ (മലയാളം) | അൻപതിനായിരം |
| 9. | ദൃശ്യ മാധ്യമ പ്രവർത്തകൻ (കേരളത്തിൽ നിന്ന്) | അൻപതിനായിരം |
| 10. | തദ്ദേശ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട മികച്ച ഗവേഷകനുള്ള പുരസ്ക്കാരം | അൻപതിനായിരം |
| **സ്ഥാപനങ്ങൾക്കുള്ള പുരസ്ക്കാരങ്ങൾ** | | |
| 11. | ജൈവവൈവിധ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്കൂളുകൾ | അൻപതിനായിരം |
| 12. | ജൈവവൈവിധ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന കോളേജുകൾ | അൻപതിനായിരം |
| 13. | ജൈവവൈവിധ്യ സ്ഥാപനം/ സംഘടനകൾ (എൻ.ജി.ഒ.) | അൻപതിനായിരം |
| 14. | ജൈവവൈവിധ്യ ക്ലബ്ബ് | അൻപതിനായിരം |

**പുരസ്ക്കാരങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ**

- വ്യക്തിഗത പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുന്നത് ഇന്ത്യൻ പൗരത്വമുള്ളവരും കേരളത്തിൽ സ്ഥിരതാമസക്കാരുമായ 18 വയസിനുമേൽ പ്രായമുള്ള വ്യക്തികളെ മാത്രമായിരിക്കും. കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെയായിരിക്കും സംഘടനാ പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുക.
- എല്ലാ വർഷവും ജനുവരിയിൽ പുരസ്ക്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നതും അന്തർദേശീയ ജൈവവൈവിധ്യ ദിനമായ മേയ് 22 ന് പുരസ്ക്കാരങ്ങൾ സമ്മാനിക്കുന്നതുമാണ്. ഈ ദിവസം അവാർഡ് ദാനം നിർവഹിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഉചിതമായ മറ്റൊരു ദിവസം ബോർഡ് തീരുമാനിക്കുന്നതാണ്.
- അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന് സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പുവഴി കേരളത്തിലെ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരം നൽകുന്നതാണ്. കൂടാതെ ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി അവ വഴിയും അപേക്ഷകൾ സ്വീകരിക്കുന്നതാണ്. പുരസ്ക്കാരത്തിന്റെ മാനദണ്ഡങ്ങൾ, അപേക്ഷാഫോറം എന്നിവ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതായിരിക്കും. അപേക്ഷാഫോറം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഓഫീസ് വഴിയും ബി.എം.സി. വഴിയും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കും.
- മുൻവർഷങ്ങളിൽ ജൈവവൈവിധ്യ ബോർഡിന്റെ അവാർഡുകൾ ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല.
- സ്വന്തമായോ മറ്റൊരാളുടെ നോമിനേഷൻ വഴിയോ അപേക്ഷകൾ സമർപ്പിക്കാം. പരിസ്ഥിതി/ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ലാഭേച്ഛ കൂടാതെ (വാണിജ്യാടിസ്ഥാനത്തിലല്ലാതെ) നിർവഹിക്കുന്നവർക്കായിരിക്കും അവാർഡിന് അർഹതയുണ്ടാവുക.
- ഓരോ വർഷവും ബോർഡിന്റെ യോഗം ചേർന്ന് തെരഞ്ഞെടുക്കുന്ന ജഡ്ജിങ്ങ് കമ്മിറ്റിയായിരിക്കും അവാർഡുകൾ നിർണയിക്കുക. ഈ കമ്മിറ്റിയിൽ കേരളത്തിലെ പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ, പ്രഗൽഭനായ പരിസ്ഥിതി ശാസ്ത്രജ്ഞൻ, കൃഷി മൃഗസംരക്ഷണം എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള ഓരോ വ്യക്തികൾ, വൈജ്ഞാനിക മാധ്യമ പ്രവർത്തനത്തിൽ പ്രാഗൽഭ്യമുള്ള ഒരു മാധ്യമ പ്രവർത്തകൻ, എസ്.സി.ആർ.റ്റി. ഡയറക്ടർ/ പ്രതിനിധി, എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയെ തെരഞ്ഞെടുക്കും. ജൈവവൈവിധ്യ ബോർഡ് ചെയർമാനായിരിക്കും ജഡ്ജിങ്ങ് കമ്മിറ്റി ചെയർമാൻ.
- നിർദ്ദേശിക്കുന്ന വ്യക്തി/ സ്ഥാപനം/ വിദ്യാഭ്യാസ സ്ഥാപനം; അവാർഡിന് പരിഗണിക്കപ്പെടാൻ അർഹതയുള്ള അവരുടെ പ്രവർത്തനങ്ങൾ ചുരുക്കി രണ്ട് പേജിൽ കവിയാതെ ടൈപ്പ് ചെയ്ത് അപേക്ഷയോടൊപ്പം നൽകണം. കൂടാതെ വീഡിയോ സി.ഡി.കൾ, പത്രറിപ്പോർട്ടുകളുടെ പകർപ്പ്, ലഭിച്ച പുരസ്കാരങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവയും വ്യക്തിയുടെ / വിദ്യാഭ്യാസ സ്ഥാപനത്തിന്റെ/ സംഘടനയുടെ പ്രവർത്തനങ്ങൾ നേരിൽക്കണ്ട് ബോധ്യമുള്ള രണ്ട് പ്രമുഖ വ്യക്തികളുടെ മേൽവിലാസവും ഫോൺ നമ്പറും

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകളിലോ അനുബന്ധങ്ങളിലോ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയതായി ജൈവവൈവിധ്യ ബോർഡിനോ ജഡ്ജിങ്ങ് കമ്മിറ്റിക്കോ ബോധ്യപ്പെട്ടാൽ അപേക്ഷകൾ നിരസിക്കുന്നതാണ്. അവാർഡ് നിർണയത്തെ സംബന്ധിക്കുന്ന അന്തിമ തീരുമാനം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

- അവാർഡിനായി സമർപ്പിക്കുന്ന രേഖകൾ (ബുക്കുകൾ, സി.ഡി.കൾ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ) ബോർഡിന്റെ പരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും, രേഖകളായി സൂക്ഷിക്കേണ്ടതുമായതിനാൽ തിരികെ നൽകുന്നതല്ല.
- ഏതെങ്കിലും വിഭാഗത്തിൽ രണ്ട് നോമിനേഷനുകൾ തുല്യമായ സംഭാവനകൾ നൽകിയിട്ടുള്ളതായി അവാർഡ് കമ്മിറ്റി കണ്ടെത്തി പേരുകൾ നിർദ്ദേശിച്ചാൽ അവർഡ് തുക തുല്യമായി വീതിച്ചു കൊടുക്കുന്നതാണ്. ഏതെങ്കിലും വിഭാഗത്തിൽ അവാർഡിന് പരിഗണിക്കത്തക്ക മേന്മകളുള്ള അപേക്ഷകൾ ഇല്ലെങ്കിൽ ആ വിഭാഗത്തിൽ നൽകുന്ന അവാർഡ് ആ വർഷം നൽകുന്നതല്ല.
- ജൈവവൈവിധ്യ ബോർഡിലെ ഉദ്യോഗസ്ഥർക്ക് അവാർഡിന് അപേക്ഷിക്കാനോ നോമിനേറ്റ് ചെയ്യാനോ അർഹതയുണ്ടായിരിക്കുന്നതല്ല.
- വ്യക്തിഗതം/ വിദ്യാഭ്യാസ സ്ഥാപനം/ സംഘടന എന്നീ മേഖലകളിലെ അവാർഡുകൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും ഫലകവും ആണ് പുരസ്ക്കാരമായി നൽകുക. ഫലകത്തിൽ മലയാളത്തിൽ "കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം" എന്നും ഇംഗ്ലീഷിൽ "Kerala State Biodiversity Conservation Award" എന്നും രേഖപ്പെടുത്തുന്നതുകൂടാതെ, അവാർഡുവർഷവും, ബോർഡിന്റെ എംബ്ലവും രേഖപ്പെടുത്തിയിരിക്കും. ബി.എം.സി. യുടെ അവാർഡിന് ഫലകത്തിനും പ്രശസ്തിപത്രത്തിനും പുറമേ ഒരു ലക്ഷം രൂപയായിരിക്കും അവാർഡ് തുക. അവാർഡ് തുക കാലാകാലങ്ങളിൽ ബോർഡ് പരിഷ്ക്കരിക്കുന്നതായിരിക്കും.
- മേൽപ്പറഞ്ഞ പുരസ്ക്കാരങ്ങൾക്കെല്ലാം പരിസ്ഥിതി, ജൈവവൈവിധ്യ സംരക്ഷണരംഗത്തെ ആജീവനാന്ത പ്രവർത്തനങ്ങൾ ആണ് പരിഗണിക്കുന്നതെങ്കിലും അവാർഡ് നൽകുന്ന വർഷത്തിലെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണ്.

**മികച്ച ജൈവവൈവിധ്യ പരിപാലന സമിതി**

ജൈവവൈവിധ്യ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് രൂപം നൽകിയ ജൈവവൈവിധ്യ പരിപാലന സമിതികളെയായിരിക്കും അവാർഡിന് പരിഗണിക്കുക. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും പഞ്ചായത്ത്തലത്തിൽ നടപ്പിലാക്കുന്നതിലെ ശുഷ്ക്കാന്തി, ജൈവവൈവിധ്യ രജിസ്റ്ററുകളുടെ രൂപീകരണം, സ്വന്തമായി താൽപ്പര്യമെടുത്തു നടപ്പാക്കുന്ന ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, അവബോധ പ്രവർത്തനങ്ങൾ എന്നിവയായിരിക്കും അവാർഡിന് പരിഗണിക്കുക.

വ്യക്തിഗത പുരസ്ക്കാരങ്ങൾ

1. **പരിസ്ഥിതി സംരക്ഷകൻ**

കാട്, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കൊറ്റില്ലങ്ങൾ, തുടങ്ങിയ പ്രകൃതി സമ്പത്തുക്കളെ സംരക്ഷിക്കുകയോ ഇത്തരം പ്രകൃതി സമ്പത്തുകൾ സ്വയമേവ രൂപപ്പെടുത്തി ലാഭേച്ഛ കൂടാതെ സംരക്ഷിക്കുകയോ ചെയ്യുന്നവരെ ആയിരിക്കും പരിസ്ഥിതി സംരക്ഷകൻ എന്ന വിഭാഗത്തിൽ പരിഗണിക്കുക. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ നടത്താതെ പ്രചാരണത്തിൽ മാത്രം ഏർപ്പെട്ടിരിക്കുന്നവരെ ഈ അവാർഡിന് പരിഗണിക്കുന്നതല്ല. പരിസ്ഥിതി സംരക്ഷണരംഗത്തെ പ്രവർത്തന പാരമ്പര്യം, ഈ പ്രവർത്തനങ്ങളുടെ പാരിസ്ഥിതിക മൂല്യം, മറ്റുള്ളവർക്ക് നൽകുന്ന പ്രചോദനം, ഈ രംഗത്ത് മുമ്പ് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ, ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ നൽകുന്ന പ്രചോദനം, ഈ രംഗത്തെ പ്രവർത്തനങ്ങൾ തുടങ്ങിയവ കണക്കിലെടുത്തായിരിക്കും അവാർഡുകൾ നിർണ്ണയിക്കുക.

2. **നാടൻ വിളയിനങ്ങളുടെ സംരക്ഷകൻ**

ഒട്ടേറെ നാടൻ വിത്തിനങ്ങളും വിളകളും കേരളത്തിൽ നിന്ന് അപ്രത്യക്ഷമാവുകയാണ്. ഇവയുടെ സംരക്ഷണത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കാണ് ഈ അവാർഡ് നൽകുക. അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ വിളയിനങ്ങൾ സംരക്ഷിക്കുന്ന വ്യക്തിക്കായിരിക്കും മുൻഗണന. ഇവയുടെ വിത്തുകളും നടീൽ വസ്തുക്കളും നട്ടുവളർത്തി മറ്റുള്ളവർക്ക് ലഭ്യമാക്കി ഇവയെ വംശനാശത്തിൽ നിന്നും രക്ഷിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് ആയിരിക്കും അവാർഡ് നിർണയസമിതി പ്രാമുഖ്യം നൽകുന്നത്. സാമ്പത്തിക നേട്ടം ലക്ഷ്യമിട്ടുമാത്രം ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പരിഗണിക്കുന്നതല്ല. മേൽപ്പറഞ്ഞ പ്രകാരം ഭക്ഷ്യവിളകളോ അവയുടെ ഇനങ്ങളോ സംരക്ഷിക്കുന്നവർക്കാണ് മുൻഗണന നൽകുന്നത്.

3. **നാടൻ കന്നുകാലിയിനങ്ങളുടെയും പക്ഷികളുടെയും സംരക്ഷകൻ**

രോഗപ്രതിരോധശേഷിയും അതിജീവനശേഷിയും കൂടിയ നിരവധി കന്നുകാലിയിനങ്ങളുടെയും വളർത്തു പക്ഷികളുടെയും ഈറ്റില്ലമാണ് ഭാരതം. എന്നാൽ ഇവയിൽ ഒരു നല്ല പങ്കും അപൂർവമായിക്കഴിഞ്ഞു. ഇത്തരം ഇനങ്ങളെ വളർത്തി സംരക്ഷിക്കുന്നവർക്കായിരിക്കും ഈ പുരസ്ക്കാരം നൽകുക. കേരളത്തിന്റെ തനതായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് മുതലായ ഇനങ്ങൾ സംരക്ഷിക്കുന്നവർക്കായിരിക്കും മുൻഗണന നൽകുക. ഈ ഇനങ്ങളുടെ കുട്ടികളെ മറ്റ് വ്യക്തികൾക്ക് നൽകി ഇവയെ പ്രചരിപ്പിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകും. കൃത്രിമ തീറ്റകളും മറ്റും പരമാവധി ഒഴിവാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ ഇവയെ പരിപാലിക്കുന്നവർക്കും പ്രത്യേക പരിഗണന നൽകും.

## 4. മികച്ച ജൈവ കർഷകൻ

പരിസ്ഥിതി സൗഹൃദ ജൈവക്കൃഷി മാതൃകാപരമായി അനുവർത്തിക്കുന്നവർക്ക് അംഗീകാരം നൽകാനാണ് ഈ അവാർഡ്. ഏതെങ്കിലും അംഗീകൃത ഓർഗാനിക് സർട്ടിഫയിങ്ങ് ഏജൻസിയുടെ സർട്ടിഫിക്കേഷനോടെ ജൈവക്കൃഷി ചെയ്യുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടാതെ ജൈവക്കൃഷിക്ക് സഹായകരമായ സാങ്കേതിക വിദ്യകൾ സ്വന്തമായി വികസിപ്പിച്ചവർക്കും പ്രാമുഖ്യം നൽകും. വിളയിച്ച ജൈവ ഉൽപ്പന്നങ്ങൾ സമർത്ഥമായി വിപണനം ചെയ്യുക മറ്റ് കർഷകരെ ജൈവക്കൃഷി രംഗത്തേക്ക് ആകർഷിക്കുംവിധമുള്ള പ്രവർത്തനം നടത്തുക എന്നീ കാര്യങ്ങൾക്ക് അവാർഡ് നിർണയത്തിൽ പ്രത്യേക പരിഗണന നൽകുന്നതാണ്.

## 5. നാട്ടറിവുകളുടെ സംരക്ഷകൻ

കൃഷി, മൃഗപരിപാലനം, നാട്ടുവൈദ്യം തുടങ്ങി പല മേഖലകളിലും സ്വന്തമായി വികസിപ്പിച്ച ചെയ്തറിവുകൾക്കും പരമ്പരാഗതമായി കൈമാറിവന്ന പാരമ്പര്യ വിജ്ഞാനത്തിനും ഏറെ പ്രസക്തി ഉണ്ട്. ഇത്തരം നാട്ടറിവുകൾ സംരക്ഷിക്കുന്നവരെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ ഇവ തലമുറകൾക്കൊപ്പം നാട്ടിൽ നിന്നും വിസ്മൃതിയിലാകാൻ സാധ്യതയുണ്ട്. ഈ നാട്ടറിവ് സംരക്ഷിക്കുകയും അവ പ്രായോഗികമായി ഉപയോഗപ്പെടുത്തുകയും സമൂഹത്തിന് ഗുണകരമാംവിധം ഇവയെ പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളെ ആയിരിക്കും ഈ അവാർഡിന് പരിഗണിക്കുക.

## 7. & 8. പത്രപ്രവർത്തന മികവിനുള്ള പുരസ്ക്കാരം (അച്ചടി മാധ്യമം – ഇംഗ്ലീഷ് & മലയാളം)

തൊഴിൽപരമായി പരിസ്ഥിതിമേഖലയും ഉൾപ്പെടുത്തി പത്രപ്രവർത്തനം നടത്തുന്നവരെയും (Working Journalist) പത്രപ്രവർത്തനത്തിൽ ബിരുദമോ, പി.ജി.ഡിപ്ലോമയോ ഉള്ള സ്വതന്ത്ര പത്രപ്രവർത്തകരെയും (Freelance Journalist) ഈ അവാർഡിനായി പരിഗണിക്കുന്നതാണ്. രണ്ടാമത്തെ വിഭാഗത്തിൽപെട്ടവർ അപേക്ഷയോടൊപ്പം തങ്ങളുടെ വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം നടപ്പുവർഷം അപേക്ഷകൻ പ്രസിദ്ധീകരിച്ച ജൈവവൈവിധ്യ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, ഫീച്ചറുകൾ, പംക്തികൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. സാമാന്യ ജനങ്ങളുടെ ഇടയിൽ പ്രത്യേകിച്ച് കുട്ടികൾക്കിടയിൽ പരിസ്ഥിതിബോധം സൃഷ്ടിക്കാനുതകുന്ന രചനകളുടെ കർത്താക്കൾക്കായിരിക്കും അവാർഡ് നിർണയത്തിൽ മുൻഗണന നൽകുന്നത്. ഈ മേഖലയിൽ ഒരു വ്യക്തിയുടെ ആജീവനാന്ത പ്രവർത്തനങ്ങളാണ് പരിഗണിക്കുന്നതെങ്കിലും നടപ്പുവർഷം പ്രസിദ്ധീകരിച്ചവയ്ക്ക് മുൻഗണന നൽകും.

## 9. മികച്ച മാധ്യമ പ്രവർത്തകൻ (ദൃശ്യ മാധ്യമം)

കേരളത്തിൽ നിന്നുള്ള ദൃശ്യമാധ്യമ പ്രവർത്തകരെയാണ് ഈ അവാർഡിനായി പരിഗണിക്കുക. ദൃശ്യമാധ്യമങ്ങൾവഴി അവാർഡ് വർഷത്തിൽ സംപ്രേഷണം ചെയ്ത പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ, ഡോക്യുമെന്ററികൾ,

പരമ്പരകൾ, ഷോർട്ട് ഫിലിമുകൾ, ദൃശ്യമാധ്യമ റിപ്പോർട്ടുകൾ എന്നിവ ഇതിനായി പരിഗണിക്കും. സ്കൂൾ പഠനത്തിന്റെയും സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളുടെയും ഭാഗമായി തയ്യാറാക്കുന്ന ഡോക്യുമെന്ററികൾ പരിഗണിക്കുന്നതല്ല. ഡോക്യുമെന്ററിയുടെ സംവിധായകനായിരിക്കും അവാർഡ് നൽകുന്നത്. പ്രൊഡ്യൂസറും സംവിധായകനും ഒരാളാണെങ്കിൽ അത് വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം. ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്ന റിപ്പോർട്ടുകളുടെ കാര്യത്തിൽ റിപ്പോർട്ടർക്കായിരിക്കും പുരസ്ക്കാരത്തിന് അർഹത.

**10. തദ്ദേശീയ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട മികച്ച ഗവേഷകനുള്ള പുരസ്ക്കാരം**

നാടൻ വിളയിനങ്ങൾ, നാടൻ വളർത്തുജീവികൾ എന്നിവയുടെ സംരക്ഷണത്തെയും അവയുടെ പ്രത്യേകതകളെയും അവ നൽകുന്ന ഉൽപ്പന്നങ്ങളുടെ മേന്മയേയും സംബന്ധിച്ച ജനിതകമായും അല്ലാത്തതുമായ ഗവേഷണം നടത്തുകയും സാമാന്യ ജനങ്ങളുടെ ജീവിതത്തിന് ഉന്നമനം ഉണ്ടാകുന്ന ഗവേഷണ ഫലങ്ങൾ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്നവർക്കാണ് ഈ പുരസ്ക്കാരം നൽകുന്നത്. ഈ പുരസ്ക്കാരം കേരളത്തിലുള്ള ഗവേഷകർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**11. & 12. ജൈവവൈവിധ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്കൂളുകൾ & കോളേജുകൾ**

വിദ്യാർത്ഥികളിൽ പരിസ്ഥിതിബോധം ഉണ്ടാക്കുന്നതിനും പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവരെ സജ്ജീവ പങ്കാളികളാക്കുന്നതിനും മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ (സ്കൂൾ & കോളേജ്) ആയിരിക്കും ഈ അവാർഡിന് പരിഗണിക്കുക. പരിസ്ഥിതി പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം പരിഗണിക്കുമെങ്കിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം എത്രത്തോളം ഉണ്ടെന്നതിനായിരിക്കും മുൻതൂക്കം നൽകുക. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്ഥാപനം നിലനിൽക്കുന്ന) കാമ്പസിലുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തികളിലെ പങ്കാളിത്തം, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ അവാർഡിന്റെ മുഖ്യ മാനദണ്ഡങ്ങളായിരിക്കും. അവാർഡ് ലഭിക്കുന്നപക്ഷം സ്കൂളിലെ പ്രഥമാധ്യാപകൻ/ അധ്യാപിക, പരിസ്ഥിതി പ്രവർത്തനങ്ങളുടെ ചുമതലയുള്ള അധ്യാപകർ, പരിസ്ഥിതി പങ്കാളികളാകുന്ന കുട്ടികളുടെ രണ്ട് പ്രതിനിധികൾ എന്നിവർക്ക് അവാർഡ് ഒരുമിച്ചു വാങ്ങുന്നതിന് അർഹതയുണ്ടായിരിക്കും. എന്നാൽ അവാർഡ് തുക സ്കൂളിന്റെ പേരിലായിരിക്കും നൽകുക.

**13. ജൈവവൈവിധ്യ സ്ഥാപനം/ സംഘടനകൾ (എൻ.ജി.ഒ.)**

പരിസ്ഥിതി / ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സർക്കാർ ഇതര സംഘടനകളെയാണ് ഈ രംഗത്ത് പരിഗണിക്കുക. സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനകൾ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. ഇതു സംബന്ധിച്ച രേഖയുടെ പകർപ്പ് അപേക്ഷയ്ക്കൊപ്പം ഹാജരാക്കണം. ഈ സംഘടനകൾ കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നവയായിരിക്കണം. പ്രാദേശികവും സംസ്ഥാനത്തെ ഒട്ടാകെ ബാധിക്കുന്നതുമായ പാരിസ്ഥിതിക പ്രശ്നങ്ങളിലെ ഇടപെടലുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തനങ്ങളിലെ പങ്കാളിത്തം, പൊതുജനങ്ങളെ പരിസ്ഥിതി സംരക്ഷണത്തിലേക്ക് ആകർഷിക്കാൻ

പര്യാപ്തമായ സംഘാടനമികവ്, പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയെ മാനദണ്ഡമാക്കിയായിരിക്കും അവാർഡ് നിർണയിക്കുക. അവാർഡ് ലഭിക്കുന്നപക്ഷം സംഘടനയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരുകൾ അവാർഡ് പത്രക്കുറിപ്പിൽ സംഘട നയുടെ പേരിനൊപ്പം ഉൾപ്പെടുത്തുന്നതാണ്. സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് ഒരുമിച്ച് അവാർഡ് കൈപ്പറ്റാവുന്നതാണ്. എന്നാൽ സംഘടനയുടെ പേരിലായിരിക്കും അവാർഡ് തുക നൽകുക.

### 14. ജൈവവൈവിധ്യ ക്ലബ്ബ്

ജൈവവൈവിധ്യ പ്രകൃതി സംരക്ഷണ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അവ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് അവയുടെ പ്രയോജനം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബി.എം. സി.യുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, തദ്ദേശ സ്ഥാപനത്തിലെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിലെ പങ്കാളിത്തം. തദ്ദേശീയമായിട്ടുള്ള ജൈവവിഭവങ്ങളെ സംരക്ഷിക്കുന്നതിൽ ബി.എം. സിയുമായി ചേർന്ന് കൈക്കൊണ്ടിട്ടുള്ള നടപടികൾ / പ്രവർത്തനങ്ങൾ എന്നിവയാണ് അവാർഡിനായി പരിഗണിക്കുക. ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ, പ്രദേശത്തെ തനതു ജൈവവിഭവങ്ങളുടെ വിലയിരുത്തലിനും അവയുടെ സംരക്ഷണത്തിനുള്ള നീതിപൂർവമായ പങ്കുവയ്ക്കലിനും ബി.എം.സി. യുമായി സഹകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ, പരിശീലന പരിപാടികളുടെ സംഘാടനം എന്നിവ സംബന്ധിച്ച വിവരം അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം.